**ഭരണഭാഷ-മാതൃഭാഷ**


**തെങ്കര ഗ്രാമ പഞ്ചായത്ത്**
**പിൻ കോഡ്- 678582**
**GSTIN:32AALT2786L1ZL ഫോൺ നമ്പർ : 0492-4226810**
**ddpthenkarapkd@gmail.com**


**നമ്പർ: 4638102-2026** **തീയതി : 12-06-2026**

**ഇ ദർഘാസ് പരസ്യം**

തെങ്കര ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലെ വിവിധ റോഡുകളിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി ക്വാറിവേസ്റ്റ് ഇട്ടുനൽകുന്നതിന് താത്പര്യമുള്ള ടിപ്പർ/ ലോറി /വാഹന ഉടമസ്ഥരിൽ നിന്നും നിന്നും മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിച്ച് കൊള്ളുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | പ്രവൃത്തി കാലാവധി | ടെൻഡർ ഫോം വില | നിരത ദ്രവ്യം | ദർഘാസുകൾ വിതരണം ചെയ്യുന്ന അവസാന തീയതി | ദർഘാസുകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി , സമയം | ദർഘാസുകൾ തുറന്ന് പരിശോധിക്കുന്ന തീയതി സമയം |
|---|---|---|---|---|---|---|---|
| 1 | ക്വാറി വേസ്റ്റ് ഇടൽ | 15 ദിവസം | 1000/- രൂപ 18% GST (180/- രൂപ) | 10000/- രൂപ | 20.06.2026 04.00 PM | 20.06.2026 05.00 PM | 22.06.2026 01.00 PM |

ടെണ്ടറുകൾ അംഗീകരിക്കുന്നത് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായിട്ടായിരിക്കുന്നതാണ്. കാരണം കൂടാതെ തന്നെ ടെണ്ടറുകൾ നിരസിക്കുന്നതിന് പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

**നിബന്ധനകൾ**

1. ടെൻഡർ പ്രമാണങ്ങൾ ഇ-ടെൻഡർ വെബ് സൈറ്റിൽ നിന്നും ഡൌൺലോഡ് ചെയ്യാവുന്നതാണ്. .ടെൻഡറിനൊപ്പം നിശ്ചിത തുകയുള്ള നിരതദ്രവ്യം,ദർഘാസ് വിലയും നെറ്റ് ബാങ്കിംഗ് മുഖേന ഓൺലൈനായി ഒടുക്കേണ്ടതാണ് . അല്ലാത്തപക്ഷം ടെൻഡറുകൾ നിരസിക്കുന്നതാണ്. ടെൻഡറുകൾ ഓൺലൈനായി മാത്രമാണ് സമർപ്പിക്കേണ്ടത്. നെറ്റ് വർക്ക് തകരാറുമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് ടെൻഡർ വാങ്ങുന്ന ആൾ ഉത്തരവാദി ആയിരിക്കുന്നതല്ല ടെൻഡർ ഫോറങ്ങളും അനുബന്ധ രേഖകളും ഇ- ടെൻഡർ സമർപ്പിക്കേണ്ട അവസാന തീയതി വരെ സൌജന്യമായി ഡൌൺലോഡ് ചെയ്യാവുന്നതാണ്. നിർദ്ദിഷ്ട രീതിയിൽ തയ്യാറാക്കിയ ഇ-

ടെൻഡറുകൾ നിശ്ചിത സമയത്തിനുള്ളിൽ ഇ ടെൻഡർ വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്തിരിക്കേണ്ടതാണ്.

2. 200 രൂപയുടെ മുദ്രപത്രത്തിൽ പ്രിലിമിനറി എഗ്രിമെൻറ്, ഇ.എം.ഡി തുക അടവാക്കിയ രസീത് / ഡിഡി , പാൻകാർഡ് മറ്റ് അനുബന്ധ രേഖകൾ എന്നിവ അപ്‌ലോഡ് ചെയ്യാത്ത ടെൻഡറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. പ്രിലിമിനറി എഗ്രിമെൻറ്, ടെൻഡർ ഡോക്യുമെൻറ്സ് , ആവശ്യപ്പെട്ടിട്ടുള്ള മറ്റ് രേഖകൾ എന്നിവയുടെ ഒറിജിനലുകൾ ടെൻഡർ തുറന്ന് പരിശോധിക്കുന്നതിന് മുമ്പായി രജിസ്ട്രേഡ് തപാൽ മുഖേനയോ, സ്പീഡ് പോസ്റ്റ് മുഖേനയോ സമർപ്പിക്കേണ്ടതാണ്. തപാൽ മുഖേനയുള്ള കാലതാമസത്തിന് ടെൻഡർ ക്ഷണിക്കുന്ന അധികാരി ഉത്തരവാദി ആയിരിക്കുന്നതല്ല. അല്ലാത്തപക്ഷം ടെൻഡർ നിരസിക്കുന്നതാണ്. മതിയായ ഇ.എം.ഡി തുക ഇല്ലാത്തതോ പൂർണമല്ലാത്തതായോ സമർപ്പിക്കുന്ന ടെൻഡറുകൾ നിരുപാധികം നിരസിക്കുന്നതാണ്.

3. ഓൺലൈനായി എല്ലാ രേഖകളും സമർപ്പിക്കുകയും എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ ഹാർഡ് കോപ്പി സമർപ്പിക്കാതിരിക്കുകയും ചെയ്യുന്ന കരാറുകാരുടെ ടെൻഡർ നിരസിക്കുന്നതാണ്. ഇ ടെൻഡർ സംബന്ധമായ ചട്ടങ്ങൾ പ്രകാരവും കാലാ കാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരവും നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമായിരിക്കും

4. ഒരു ലോഡ് ക്വാറിവേസ്റ്റ് ടിപ്പർലോറിയിൽ എത്തിക്കുന്നതിന് എല്ലാവിധ നികുതികളും ഉൾപ്പെടെയുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്.

5. ടെൻഡർ അംഗീകരിച്ച് വർക്ക് ഓർഡർ ലഭിച്ച ഉടൻതന്നെ നിർവ്വഹണ ഉദ്യോഗസ്ഥനുമായി 200 രൂപയുടെ മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെടുകയും ഉടമ്പടി തുകയുടെ 10 ശതമാനം തുക ജാമ്യനിക്ഷേപമായി (സെക്യൂരിറ്റി ഡിപ്പോസിറ്റ്) അടവാക്കേണ്ടതുമാണ്.

6. യാതൊരു കാരണവശാലും അഡ്വാൻസ് തുക നൽകുന്നതല്ല.

7. പഞ്ചായത്ത് ആവശ്യപ്പെടുന്ന സ്ഥലത്തും സമയത്തും പ്രവർത്തി ചെയ്യേണ്ടതാണ്.

8. ടെൻഡറിൽ രേഖപ്പെടുത്താത്ത ഏതെങ്കിലും നികുതികളോ ചാർജ്ജുകളോ ഫൈനൽ ബില്ലിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് ഒരു കാരണവശാലും നൽകുന്നതല്ല

9. ടെൻഡർ അംഗീകരിച്ച് കരാറിൽ ഏർപ്പെടുന്നതിന് ആവശ്യപ്പെടുമ്പോൾ ടെൻഡറിൽ നിന്ന് പിൻവാങ്ങുക നിശ്ചിത സമയത്തിനകം കരാറിൽ ഏർപ്പെടാതെയിരിക്കുക ജാമ്യ നിക്ഷേപം അടവാക്കാതെയിരിക്കുക നിശ്ചിത സമയത്തിനകം പ്രവർത്തി നടത്താതെയിരിക്കുക ഗുണനിലവാരമില്ലാത്ത സാധനങ്ങൾ ഉപയോഗിച്ച് പ്രവർത്തി നടപ്പിലാക്കുക എന്നിവ ചെയ്താൽ പ്രസ്തുത കരാറുകാരുടെ ടെൻഡർ റദ്ദാക്കുകയും നിരദ്രവ്യം , ജാമ്യനിക്ഷേപം മുതലായവ ഗ്രാമപഞ്ചായത്തിലേക്ക് മുതൽക്കൂട്ടുന്നതും ടിയാളുകളുടെ നഷ്ടോത്തരവാദിത്വത്തിൽ നിയമനടപടികൾ സ്വീകരിക്കുന്നതുമായിരിക്കും

10. ഏതെങ്കിലും കാരണത്താൽ ടെൻഡർ തുറക്കുന്ന ദിവസം പൊതു അവധി ആയാൽ തൊട്ടടുത്ത ദിവസം അതേ സ്ഥലത്തും സമയത്തും സാനിദ്ധ്യമുള്ള കരാറുകാരുടെ മുന്നിൽ വച്ച് ടെൻഡർ തുറക്കുന്നതായിരിക്കും.

11. ടെൻഡർ സംബന്ധിച്ച് സർക്കാർ നിബന്ധനകളും ചട്ടങ്ങളും ഈ ദർഘാസിനും ബാധകമായിരിക്കും

**<u>കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ പഞ്ചായത്ത് ഓഫീസിൽ നിന്നും അറിയാവുന്നതാണ്.</u>**

Document certified by Jai M A <jaima045@gmail.com>.

Digitally signed by Jai M A
Date: 2026.06.12 15:44:47 IST
Reason: KSMART

സെക്രട്ടറി